## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3410** **14.07.2015-ൽ മറുപടിയ്ക്ക്**

**മെഡിക്കൽ - എഞ്ചിനീയറിംഗ് പ്രവേശന പട്ടികയിലെ പട്ടികവർഗ്ഗ വിഭാഗക്കാർ**

**ചോദ്യം**
ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഈ പ്രാവശ്യത്തെ മെഡിക്കൽ - എഞ്ചിനീയറിംഗ് പ്രവേശന പട്ടികയിൽ മെരിറ്റ് അടിസ്ഥാനത്തിൽ എത്ര പട്ടികവർഗ്ഗ വിഭാഗക്കാർ യോഗ്യത നേടിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | എ) | എം.ബി.ബി.എസ്/ബി.ഡി.എസിന് ആകെ 36 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ യോഗ്യത നേടിയിട്ടുണ്ട്. ഇവരിൽ 19 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷയിൽ 50%-ന് മുകളിൽ മാർക്ക് നേടിയിട്ടുണ്ട്. മറ്റ് മെഡിക്കൽ കോഴ്സുകൾക്ക് 582 പട്ടികവർഗ്ഗ വിദ്യാർത്ഥികളും എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് 169 വിദ്യാർത്ഥികളും യോഗ്യത നേടിയിട്ടുണ്ട്. |
| ബി) | പ്രസ്തുത ലിസ്റ്റിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രാതിനിധ്യം കുറയാൻ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ നിലനിന്നിരുന്ന സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയാണ് മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പ്രവേശന പട്ടികയിൽ ടി വിഭാഗങ്ങളുടെ പ്രാതിനിധ്യം കുറയുവാൻ കാരണം. |
| സി) | ഇവരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ മുൻപന്തിയിൽ നിൽക്കുന്ന എൻട്രൻസ് പരിശീലന കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന മിടുക്കരായ 80 പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വീതം എല്ലാ വർഷവും B.Tech, MBBS, BDS മറ്റ് അനുബന്ധ കോഴ്സുകളിൽ പ്രവേശനം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനായി 10 മാസം നീണ്ടുനിൽക്കുന്ന പരിശീലന ക്ലാസുകളിൽ പങ്കെടുപ്പിച്ച് എൻട്രൻസ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുന്നതിന് പ്രാപ്തമാക്കുന്നുണ്ട്. കൂടാതെ എല്ലാ വർഷവും എൻട്രൻസ് പരീക്ഷയ്ക്ക് മുന്നോടിയായി 1 മാസം നീണ്ടു നിൽക്കുന്ന crash കോഴ്സും ടി സ്ഥാപനങ്ങളിൽ വച്ച് സർക്കാരിന്റെ മേൽനോട്ടത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ